# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4974** **06.02.2014 ന് മറുപടിക്ക്**

**ഭരണ ഭാഷ മലയാളമാക്കി മാറ്റിയതിനു ശേഷം വകുപ്പുകൾ സ്വീകരിച്ച നടപടികൾ**

ചോദ്യം | ഉത്തരം

ശ്രീമതി. കെ.എസ്.സലീഖ

ശ്രീ. ഉമ്മൻ ചാണ്ടി

(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഭരണഭാഷ മലയാളമാക്കി മാറ്റിയശേഷം സംസ്ഥാനത്ത് നിലവിലുള്ള ഏതെല്ലാം നിയമങ്ങളാണ് മലയാളത്തിലാക്കി പ്രസിദ്ധീകരിച്ചത് എന്നും ഇനിയും ഏതെല്ലാം നിയമങ്ങൾ മലയാള ഭാഷയിലാക്കി പ്രസിദ്ധീകരിക്കുവാനുണ്ട് എന്നും വ്യക്തമാക്കുമോ ; | (എ) | നിയമവകുപ്പിൽ മലയാളം ഔദ്യോഗിക ഭാഷയായി പ്രഖ്യാപിച്ചത് 17.04.2013-ലാണ്. നിലവിൽ നിയമ നിർമ്മാണം നടത്തുമ്പോൾ ആക്റ്റ് മലയാളത്തിലും ഇംഗ്ലീഷിലും ലഭ്യമാക്കുന്നുണ്ട്. 1999-നു ശേഷം നിയമസഭ പാസ്സാക്കിയിട്ടുള്ള എല്ലാ ആക്റ്റുകളും മലയാളത്തിലും ഇംഗ്ലീഷിലും ലഭ്യമാണ്. മലയാളത്തിൽ ലഭ്യമല്ലാതിരുന്ന 1996-ലെ കേരള (പട്ടികജാതി-പട്ടിക ഗോത്ര വർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ആക്റ്റ് (1996-ലെ 11-ാം ആക്റ്റ്) തർജ്ജമ ചെയ്ത് നിയമ വകുപ്പിലെ മലയാളത്തിലുള്ള ജേർണലായ 'നിയമധ്വനി' യിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി ഓരോ വകുപ്പും സ്വീകരിച്ച നടപടി വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ; | (ബി) | മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്ത നിയമങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും, തർജ്ജമ |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടില്ലാത്ത പ്രധാനപ്പെട്ട നിയമങ്ങളും പ്രധാനപ്പെട്ട ഉത്തരവുകളും വിജ്ഞാപനങ്ങളും മലയാളത്തിലേക്ക് തർജ്ജമ ചെയ്ത് ലഭ്യമാക്കുന്നതിനായി 02.03.2012-ലെ സ.ഉ(കൈ)നം. 78/2012/നിയമം പ്രകാരം നിയമ വകുപ്പിൽ "നിയമ(ഔദ്യോഗിക ഭാഷ-പ്രസിദ്ധീകരണസെൽ)"രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സെൽ മേൽപ്പറഞ്ഞ ചുമതലകൾ നിർവ്വഹിച്ചു വരുന്നു. |
| (സി) | നിലവിൽ ഇപ്പോഴും പല വകുപ്പുകളിലും ആംഗല ഭാഷ ഉപയോഗിക്കുന്നത് പരിശോധിച്ചിട്ടുണ്ടോ;<br>എങ്കിൽ ഇത് തടയുവാൻ എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ; | (സി) | പരിശോധിച്ചിട്ടുണ്ട്. നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴും കന്നടയും ഉപയോഗിക്കേണ്ട സാഹചര്യങ്ങളിലെ ഉത്തരവുകൾ നിയമപരമായി അനുവദനീയമായ ഇതര ഭാഷകളിൽ പുറപ്പെടുവിക്കാവുന്നതും മറ്റെല്ലാ സാഹചര്യങ്ങളിലും മലയാളത്തിൽ ത്തന്നെ പുറപ്പെടുവിക്കേണ്ടതുമാണ് എന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | പൊതുമേഖലാ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, കോടതി നടപടിക്രമങ്ങൾ എന്നിവയിൽ നിലവിൽ ഔദ്യോഗിക ഭാഷ മലയാളമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കാത്തത് പരിശോധിച്ചിട്ടുണ്ടോ;<br>എങ്കിൽ ഇത് പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കും; വ്യക്തമാക്കുമോ ; | (ഡി) | സംസ്ഥാനത്തെ 44 പൊതുമേഖലാ/ സഹകരണ സ്ഥാപനങ്ങൾ വിവിധ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയിൽ ഔദ്യോഗിക ഭാഷ മലയാളമാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കോടതിഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | ഔദ്യോഗിക ഭാഷ മലയാളമാക്കുന്നതിൽ വീഴ്ച വരുത്തി എന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥർ/അധികാരികൾ ആരെല്ലാം; ഇവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു; വിശദമാക്കുമോ ? | (ഇ) | പത്തനംതിട്ട ജില്ലാ കളക്ടറേറ്റിലെ എൽ.ഡി.ക്ലർക്ക് ശ്രീ.രജീഷ്, ജൂനിയർ സൂപ്രണ്ട് ശ്രീമതി.ശ്രീദേവി. എന്നിവർ ഭരണഭാഷാ വ്യാപന നടപടികൾക്ക് തടസ്സം സൃഷ്ടിച്ചതായി കണ്ടെത്തിയിട്ടുണ്ട്. ഇവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ലാന്റ് റവന്യൂ കമ്മീഷണർ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

Rajani Antony

**സെക്ഷൻ ഓഫീസർ**